വിശ്വാസമുള്ള ഉദ്യോഗസ്ഥൻമാർ ഉൾക്കൊള്ളുന്ന "വിജിലൻസ് സെല്ലുകൾ" രൂപീകരിക്കാനുള്ള നിർദ്ദേശവും നിലവിലുണ്ട്.

(സി), (ഡി) അന്വേഷണ റിപ്പോർട്ടുകൾ, കിട്ടുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കാറുണ്ട്. ഏത് റിപ്പോർട്ടാണെന്ന് വ്യക്തമല്ലാത്തതു കൊണ്ട് വിശദാംശം വെളിപ്പെടുത്താൻ സാദ്ധ്യമല്ല.

ആർ.എൽ.ഇ.ജി.പി. പദ്ധതിയിലെ റോഡ് നിർമ്മാണം

310. [486] ഡോക്ടർ. കെ. സി. ജോസഫ് :

ശ്രീ. റ്റി.എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസന വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) 1985-86-ൽ ആർ.എൽ.ഇ.ജി.പി. പദ്ധതിയിൽ റോഡ് നിർമ്മാണ പദ്ധതി നടപ്പിലാക്കിയോ ;

(ബി) ഇല്ലെങ്കിൽ കാരണമെന്ത് ;

(സി) ഉണ്ടെങ്കിൽ എത്ര കിലോമീറ്റർ റോഡ് പുതുതായി നിർമ്മിച്ചു ;

(ഡി) ഈ പദ്ധതിയിൽ എത്ര വീടുകൾ തീർത്തു ;

(ഇ) ആർ.എൻ.ഇ.ജി.പി. പദ്ധതിയിൽ കൂടുതൽ സാമ്പത്തിക സഹായം കേന്ദ്രത്തിൽ നിന്നും ലഭിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പുതിയ പണികൾ നടപ്പിൽ ആക്കിയില്ല.

(ബി) കേന്ദ്രഗവൺമെന്റിന് സമർപ്പിച്ച സ്കീമിന്റെ അനുമതി കാത്തിരിക്കുന്നു.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) 10-3-1986-ലെ കണക്കനുസരിച്ച് 5620 വീടുകൾ.

(ഇ) ആവശ്യമായ എല്ലാനടപടികളും എടുത്തിട്ടുണ്ട്.

ആർ.എൽ.ഇ.ജി.പി. പദ്ധതിയനുസരിച്ചുള്ള റോഡ്

311. [487] ശ്രീ. കെ.ടി. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസന വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) 1985-86-ൽ ആർ. എൽ. ഇ. ജി. പി. പദ്ധതിയനുസരിച്ച് സംസ്ഥാനത്തൊട്ടാകെ എത്ര കിലോമീറ്റർ റോഡാണ് പണിയാൻ തീരുമാനിച്ചിട്ടുള്ളത് ;

(ബി) അതിൽ ഇതേവരെ എത്ര റോഡുകളുടെ പണിതീർന്നു ;

(സി) ഓരോ ജില്ലയിലും അനുവദിച്ച റോഡുകൾ എത്രയെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 814.48 കിലോമീറ്റർ ദൈർഘ്യം വരുന്ന 415 റോഡ് പ്രവർത്തികൾ അംഗീകാരത്തിനു കേന്ദ്രസർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്.

(ബി) റോഡുകളുടെ പണി അനുമതി ലഭിച്ചശേഷമേ തുടങ്ങുകയുള്ളൂ.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly